# ലോട്ടറികൾ തരംതിരിക്കുന്നത് അർത്ഥശൂന്യം

അഡ്വ. എസ്. രാജഗോപാൽ, തൃശ്ശൂർ

ലോട്ടറി ഏജന്റുമാരുടെ വാദമുഖങ്ങൾക്ക് അമിതപ്രാധാന്യം നൽകി "കേരളീയം" ജാഗ്രതയുടെ ഏകപക്ഷീയമായ ഭാഷണം മുഴക്കിയത് അസഹനീയമായ അനുഭവമായി മാറി. സർക്കുലേഷൻ വർദ്ധിപ്പിക്കാൻ ചില പത്രങ്ങൾ നിരത്താറുള്ള വൃത്തികെട്ട അടവുകളെ തുറന്ന് എതിർക്കാറുള്ള ഇക്കൂട്ടർ അതേ തന്ത്രങ്ങൾ സ്വഭാവമാതൃകയാക്കുന്നുവെന്നാണോ മനസ്സിലാക്കേണ്ടത്?

പേപ്പർ ലോട്ടറികൾ സർക്കാരിന്റെ മേൽനോട്ടത്തിൽ കൃത്യമായി സാങ്കേതിക മികവോടെ സ്വതന്ത്രമായും നിഷ്പക്ഷമായും നടത്തപ്പെടുന്നുവെന്ന കാരണങ്ങളാൽ ഈ ചൂതാട്ടത്തിന് മാന്യത നൽകാൻ ചാടിപ്പുറപ്പെടുന്നത് സങ്കുചിത മനോഭാവമാണ് പ്രകടമാക്കുന്നത്. ഓൺലൈൻ ലോട്ടറികൾ തട്ടിയെടുത്തുവെന്ന് ലോട്ടറി ഏജന്റുമാരും കേരളീയവും ഒറ്റക്കെട്ടായി അവകാശപ്പെടുന്ന ലോട്ടറി ഉപഭോക്താക്കൾ ആരുടെ സൃഷ്ടിയാണെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ചാൽ കിട്ടാത്ത ലക്ഷങ്ങളുടെ സമ്പാദ്യം ചുളുവിൽ ഒപ്പിച്ചുതരും എന്ന വ്യാമോഹം വളർത്തുന്ന ലോട്ടറികളുടെ ഊഹക്കച്ചവടസമീപനങ്ങളെ അപലപിക്കേണ്ടതിന് പകരം ഏതാനും ചിലർക്ക് സംഭവിക്കുന്ന തൊഴിൽ നഷ്ടത്തിന്റെ പേരിൽ മുതലക്കണ്ണീർ ഒഴുക്കുന്നത് ജനകീയപ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായി കണക്കാക്കാനാകില്ല. അധമചിന്തകളെ നാനാരീതിയിലുള്ള പ്രചരണങ്ങളിലൂടെ പ്രോത്സാഹിപ്പിച്ച് മനുഷ്യനെ നിരന്തരമായി കബളിപ്പിക്കുകയും അതേ അവസരത്തിൽ എന്നെങ്കിലും ഒരിക്കൽ ലക്ഷപ്രഭുവാകാം എന്ന മിഥ്യാധാരണ നിലനിർത്തുന്ന പേപ്പർലോട്ടറികളെ ഓൺലൈൻ ലോട്ടറികൾ ചെറുത്തുതോല്പിച്ചുകൊണ്ടിരിക്കുകയാണ്. മുടക്കുന്ന തുച്ഛമായ പണം കൊണ്ട് ഓൺലൈൻ ലോട്ടറികൾ നിരവധി തവണ ചൂതാടുവാനുള്ള അവസരവും കണ്ണഞ്ചിക്കുന്ന സമ്മാനങ്ങളും നിരത്തുമ്പോൾ പേപ്പർ ലോട്ടറികളുടെ ഉപഭോക്താക്കളിൽ ഒരു വലിയ വിഭാഗം അതിന്റെ പിന്നാലെ പായാൻ തുടങ്ങിയത് സ്വാഭാവികമാണ്. ഇത്തരം ധാർമ്മിക അധഃപതനങ്ങളെ നേരിടേണ്ടത് ഓൺലൈൻ ലോട്ടറി നിരോധിച്ച് പേപ്പർ ലോട്ടറി ജീവിതോപാധിയാക്കിയ ലക്ഷക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുക എന്ന മുദ്രാവാക്യത്തിൽ ഒതുങ്ങിനിന്നുകൊണ്ടുമാകരുത്.

കേരളീയ സമൂഹത്തെ ബാധിച്ചിട്ടുള്ള ലോട്ടറി വിഷബാധയെ തുടച്ചു നീക്കാൻ പേപ്പർ- ഓൺലൈൻ ലോട്ടറികളിൽ നിന്ന് മുക്തമായ സമൂഹത്തിനുള്ള ആഹ്വാനങ്ങളാണ് യഥാർത്ഥത്തിൽ ഉയർന്നു വരേണ്ടത്. കള്ളുഷാപ്പു തൊഴിലാളികളുടെ തൊഴിൽ നഷ്ടം ചൂണ്ടിക്കാട്ടി മദ്യവ്യവസായം നിലനിൽക്കണമെന്ന് വാദിക്കുന്ന മനോഭാവം ലോട്ടറിപ്രശ്നത്തിലും തുടരുന്നത് സമൂഹത്തിന് കടുത്ത ദ്രോഹമായി പരിണമിക്കും.